# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4306** | **17/12/2014-ൽ മറുപടിക്ക്**

## ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ

**ചോദ്യം**

ശ്രീ. എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, എം. എ. വാഹീദ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | ഹോമിയോപ്പതി, ആയുർവ്വേദം, യോഗ, പ്രകൃതിജീവനം തുടങ്ങിയ ചികിത്സാശാസ്ത്രങ്ങളുടെ ഗുണവശങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ആധുനീക ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം, ക്യാൻസർ,പി.സി.ഒ.ഡി, ഗർഭാശയരോഗങ്ങൾ, ഹോർമോൺ വ്യതിയാനം മൂലമുള്ള രോഗങ്ങൾ തുടങ്ങിയവയെ ഫലപ്രദമായി പ്രതിരോധിക്കുകയും പരിചരിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ ആരംഭിച്ച ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ. |
| (ബി) | ജീവിതശൈലി രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ എത്രത്തോളം ഫലപ്രദമാണെന്ന് ഗവൺമെന്റ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളിൽ ചികിത്സ തേടിയെത്തിയ രോഗികളുടേയും രോഗശാന്തി ലഭിച്ചവരുടെയും കണക്കുകൾ ഉൾക്കൊള്ളുന്ന പ്രവർത്തന റിപ്പോർട്ട് പ്രസ്തുത സെന്ററുകളിൽ നിന്നും ഹോമിയോപ്പതി ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നുണ്ട്. ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാം; | (സി) | സംസ്ഥാനത്ത് നിലവിൽ നാല് ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഹോമിയോ ആശുപത്രികളോടനുബന്ധിച്ചാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നത്. |
| (ഡി) | ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ സേവനം എല്ലാ ജില്ലയിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 2012-13 വാർഷിക പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്തും കോഴിക്കോടും ആയുഷ് ഹോളിസ്റ്റിക്ക് സെന്റുകൾ പ്രവർത്തനം ആരംഭിച്ചത്. 2013-14 വാർഷിക പദ്ധതിയിൽ എറണാകുളത്തും കണ്ണൂരും കൂടി ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ആരംഭിച്ചു. തുടർന്ന് മറ്റു ജില്ലകളിൽ കൂടി വാർഷികപദ്ധതി പ്രകാരം ഘട്ടം ഘട്ടമായി ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകൾ ആരംഭിക്കുന്നതും കാലക്രമേണ ആയുഷ് ഹോളിസ്റ്റിക്ക് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ